**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂര്.പി.ഒ, തിരുവനന്തപുരം, പിന് -695035
ഫോണ്: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയില്** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

## നോട്ടീസ്

നം.ഇ എസ് -7/12689/2023/ആ. വ. ഡ(7)

തീയതി: 19-11-2024

വിഷയം: ആരോഗ്യവകുപ്പിൽ സ്പെഷാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2017 -ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ( 31 .12 .2016 വരെ സർവീസിൽ പ്രവേശിച്ചവരുടെയും പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ് ) പീഡിയാട്രിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ ( ലിസ്റ്റ് -I I ) സീനിയോറിറ്റി നമ്പർ - 30 ആയി ഉൾപ്പെട്ട ഡോ . അനുജ . ജെ . എസ് -നെ ടി സീനിയോറിറ്റി പട്ടികയിൽ നിന്നും തല്ക്കാലികമായി നീക്കം ചെയ്തുകൊണ്ട് നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് സംബ .

സൂചന :
1. ജി . ഒ (പി) നം . 69/2010/ആ . വ . ഡ തീയതി . 17.02.2010.
2. ഉത്തരവ് നം . ഇ എസ് -7/(HR Cell) -1288/2017/DHS തീയതി . 21.04.2017.
3.G.E 03/C/1063689/122767/479/AG (A&E) Dated.30.08.2023.

ആരോഗ്യവകുപ്പിൽ സ്പെഷാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2017 -ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ( 31 .12 .2016 വരെ സർവീസിൽ പ്രവേശിച്ചവരുടെയും പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ് ) പീഡിയാട്രിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ ( ലിസ്റ്റ് -II ) സീനിയോറിറ്റി നമ്പർ - 30 ആയി ഉൾപ്പെട്ട ഡോ . അനുജ . ജെ.എസ് 09.06.2016 - ൽ സർവീസിൽ പ്രവേശിച്ചതായും, 31.05.2016-ൽ DCH യോഗ്യത നേടിയിരുന്നതായും സീനിയോറിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിട്ടുണ്ട് . ടി

മെഡിക്കൽ ഓഫീസർ സീനിയോറിറ്റി **Reassign** ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന **3** പ്രകാരം എ ജി ( എ **&** ഇ ) യിൽ നിന്നും  സർവീസ് വിശദാംശങ്ങൾ ലഭ്യമാക്കുകയുണ്ടായി . ആയതിൽ ഡോ . അനുജ . ജെ . എസ്   സർവീസിൽ പ്രവേശിച്ചത്  **.12.04.2019**-നാണ് എന്ന്  രേഖപ്പെടുത്തിട്ടുണ്ട് .   **12.04.2019** -ൽ സർവീസിൽ പ്രവേശിച്ചതായി രേഖപ്പെടുത്തിട്ടുള്ളതിനാൽ ഡോ . അനുജ . ജെ . എസ് -ന് **2017** -ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല. അതിനാൽ ഡോ . അനുജ . ജെ . എസ്-നെ **2017** - ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ താല്ക്കാലികമായി തിരുമാനിച്ചിരിക്കുന്നു .

ടി തല്ക്കാലിക തിരുമാനത്തിനെതിരെ താങ്കൾക്ക് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച്  **5** ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗേനയോ , ഇ മെയിൽ ( **essectiondhs@gmail.com)** മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് . അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആക്ഷേപമില്ലെന്ന നിഗമനത്തിൽ തല്ക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവകുന്നതാണ് .

Signed by
Reena K J
Date: 19-11-2024 16:57:30

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്
വ്യക്തിക്ക് (ആരോഗ്യ വകുപ്പ് വെബ്സൈറ്റ് മുഖേന )

പകർപ്പ്
**1.**ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് വെബ്സൈറ്റ് മുഖേന )
**2.** ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് (   "   )
**3.** സീനിയർ സൂപ്രണ്ട് ഇ എ സെക്ഷൻ
**4.** ഫയൽ കരുതൽ ഫയൽ